8. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/സന്നദ്ധ സംഘടനക്കും വ്യക്തിക്കും യൂത്ത് അവാർഡ്

9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ

10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്

11. യുവാക്കൾക്കായി എക്സിബിഷൻ

12. നാടൻ കലകളിൽ പരിശീലനം

13. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

14. യുവനേതൃത്വക്യാമ്പ്/ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്

15. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം

16. ജാലകം പദ്ധതി

17. യുവകാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം

18. ആദിവാസി/ഗ്രോത്രവർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേള (ട്രൈബൽ യൂത്ത് പ്രോഗ്രാം)

19. അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

20. സമഗ്ര ബാല്യം പദ്ധതി

21. ടീൻസ് ക്ലബ്ബ്

22. യൂത്ത് ഫോറം

ഇവ കൂടാതെ യുവജനങ്ങളുടെ ക്ഷേമത്തിനായി ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, മറ്റ് സംഘടനകൾ എന്നിവ മുഖേന സ്വയംതൊഴിൽ പരിശീലനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സാഹസിക പരിശീലന പദ്ധതികൾ, കാർഷിക വികസന പദ്ധതികൾ, നാടൻകലാ പരിശീലന കളരികൾ, തൊഴിൽ മേളകൾ മുതലായ പരിപാടികൾ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

അടിസ്ഥാന സൗകര്യങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക

93 (2571) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തികവർഷം അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക അർബറാക് ബാങ്കിൽനിന്നും വായ്പയായി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബാങ്കുമായി ഇതുസംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ചർച്ചയുടെ വിശദാംശങ്ങൾ നൽകുമോ ;

(എഫ്) പ്രസ്തുത ബാങ്കുമായി സർക്കാർ ഏതെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 5686.66 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത തുക പൊതുവിപണിയിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയായി എടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) അർബറാക്ക് എന്ന പലിശരഹിത ധനകാര്യ സ്ഥാപനം പ്രവർത്തനമാരംഭിക്കുന്ന ഘട്ടത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര റോഡ് വികസന പദ്ധതിക്കുള്ള വിഭവസമാഹരണത്തിനായി ആ സ്ഥാപനത്തിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി-എഫ്) പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

2010-11 വാർഷിക ബജറ്റിൽ സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീം/ സ്കീമുകൾ സംബന്ധിച്ച്

94 (2572) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വാർഷിക ബജറ്റിൽ സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീമുകൾക്ക് എത്ര രൂപ നീക്കിവച്ചിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം സ്കീമുകൾക്ക് തുക അനുവദിച്ചുവെന്നും ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണ് ഇതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly